**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **16-03-2022 - ൽ മറുപടിയ്ക്ക്**

**വർദ്ധിക്കുന്ന ലഹരി-മയക്കമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി-മയക്കമരുന്ന് ഉപയോഗം വർധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | എക്സൈസ് വകുപ്പ് കണ്ടെത്തിയ എൻ.ഡി.പി.എസ് കേസുകളിലെ 21 വയസിനു താഴെയുള്ള കുറ്റാരോപിതരായ കൗമാരക്കാരിൽ നിന്നും, വിമുക്തി ലഹരി മോചന ചികിത്സ കേന്ദ്രങ്ങളിൽ ചികിത്സക്ക് വിധേയരായ 21 വയസിനു താഴെയുള്ള കൗമാരക്കാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020 വർഷത്തിൽ എക്സൈസ് വകുപ്പ് ഒരു സർവ്വെ നടത്തിയിട്ടുണ്ട്. കൂടാതെ മയക്കമരുന്നുപയോഗം സംബന്ധിച്ച് സംസ്ഥാന തലത്തിൽ ഒരു ഗവേഷണ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ലഹരി-മയക്കമരുന്ന് വ്യാപനം കുറക്കുന്നതിനായി ശിക്ഷ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ശാസ്ത്രീയമായ ബോധവത്കരണത്തോടൊപ്പം കർശന ശിക്ഷയും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കുറ്റക്കാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കേന്ദ്ര നിയമമായ NDPS Act പ്രകാരം കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഒരു കിലോഗ്രാമിന് താഴെയുള്ള Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾക്ക് ജാമ്യം ലഭിക്കാവുന്നവയാണ്. ആയതിനാൽ, വിവിധ മയക്കമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ